**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5164** **26.03.2018-ൽ മറുപടിക്ക്**

## പൊതു മരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പാലങ്ങൾ

| | ചോദ്യം<br>ശ്രീ.പി.കെ. ശശി | | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എത്ര പാലങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ നിയന്ത്രണത്തിൽ 2529 പാലങ്ങളുണ്ട്. |
| (ബി) | പ്രസ്തുത പാലങ്ങളിൽ ഈ സർക്കാർ കാലയളവിൽ നടത്തിയ പരിശോധനകളിൽ ബലമുള്ളവ/അറ്റകുറ്റപ്പണി അനിവാര്യമായവ/ബലപ്പെടുത്തേണ്ടവ/ വീതി കൂട്ടൽ ഉൾപ്പെടെ പുനർനിർമ്മാണം വേണ്ടവ/ഒഴിവാക്കേണ്ടവ എന്നിവ സംബന്ധിച്ച് ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | പ്രസ്തുത പാലങ്ങളിൽ ഈ സർക്കാർ കാലയളവിൽ നടത്തിയ പരിശോധനകളിൽ 633 പാലങ്ങൾ അറ്റകുറ്റപ്പണികൾ ആവശ്യമില്ലാത്തതും ബലമുള്ളവയാണെന്നും., 162 പാലങ്ങൾ വീതി കൂട്ടൽ ഉൾപ്പെടെ പുനർ നിർമ്മിക്കേണ്ടതാണെന്നും, 208 പാലങ്ങൾ പുനപരിശോധനയ്ക്കുശേഷം പുനർ നിർമ്മാണമോ/ പുനരുദ്ധാരണമോ (ഹെവി - മെയിന്റനൻസ്) വേണ്ടി വരുമെന്നും, ബാക്കിയുള്ള പാലങ്ങൾക്ക് സാധാരണ അറ്റകുറ്റപ്പണികൾ ആവശ്യമാണെന്നും കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ ഡിവിഷൻ തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത പാലങ്ങൾ സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് എന്തെല്ലാം സാങ്കേതികോപദേശങ്ങൾ തേടിയെന്ന് വിശദമാക്കാമോ; | (സി) | സംസ്ഥാനത്ത് പാലങ്ങളുടെ നിജസ്ഥിതി സംബന്ധിച്ച് വകുപ്പിലെ വിവിധ ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തിയിട്ടുണ്ട് |
| (ഡി) | ഇവയിൽ ബലപ്പെടുത്തിയാൽ നിലനിൽക്കുന്ന പഴയ പാലങ്ങൾ ഉണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | പരിശോധിച്ചിട്ടുണ്ട്. പരിശോധന നടത്തിയതിൽ 208 പാലങ്ങൾക്ക് പുനരുദ്ധാരണമോ/ഹെവി മെയിന്റനൻസോ ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ പാലങ്ങളിൽ കൂടുതൽ പരിശോധന നടത്തി പുനർ നിർമ്മാണം ആവശ്യമായിട്ടുള്ളവ കണ്ടെത്തേണ്ടതായിട്ടുണ്ട്. മേൽ പറഞ്ഞ പാലങ്ങളിൽ |

പുനർ നിർമ്മാണം ആവശ്യമായ-തൊഴികെയുള്ള പാലങ്ങൾ ബലപ്പെടുത്തി ഉപയോഗിക്കാവുന്നതാണ്.

(ഇ) നിലവിൽ ഉപയോഗശൂന്യമായ പഴയ പാലങ്ങൾ ഒഴിവാക്കുവാനുള്ള എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(ഇ) നിലവിൽ ഉപയോഗശൂന്യമായ പാലങ്ങളിൽ ചിലത് പൊളിച്ച് മാറ്റി നീക്കേണ്ടതാണ്. എന്നാൽ ചിലത് ചെറു വാഹനങ്ങൾക്ക് കടന്നുപോകാനായി ഉപയോഗപ്പെടുത്താം. ചില പാലങ്ങൾ ഹെറിറ്റേജ് പ്രാധാന്യം കണക്കിലെടുത്ത് സംരക്ഷിച്ച് സൂക്ഷിക്കേണ്ടതായും വരും.

സെക്ഷൻ ഓഫീസർ

5164

അനുബന്ധം

# പാലങ്ങളുടെ സ്ഥിതിവിവരങ്ങൾ

## സംക്ഷിപ്തം

| ഡിവിഷൻ | റീകൺസ്ട്രക്ഷൻ | റീഹാബിലിറ്റേഷൻ | റുട്ടീൻ മെയിന്റനൻസ് | നിർമ്മാണത്തിലുള്ളത് | നല്ല കണ്ടീഷനിലുള്ളത് | ആകെ |
|---|---|---|---|---|---|---|
| തിരുവനന്തപുരം | 16 | 13 | 111 | 10 | 54 | 204 |
| കൊല്ലം | 6 | 9 | 72 | 4 | 52 | 143 |
| പത്തനംതിട്ട | 12 | 14 | 51 | 4 | 119 | 200 |
| ആലപ്പുഴ | 26 | 12 | 249 | 9 | 5 | 301 |
| കോട്ടയം | 8 | 26 | 171 | 5 | 103 | 313 |
| മൂവാറ്റുപുഴ | 2 | 12 | 50 | 2 | 27 | 93 |
| എറണാകുളം | 2 | 7 | 81 | 2 | 21 | 113 |
| ഇടുക്കി | 7 | 12 | 107 | 3 | 1 | 130 |
| തൃശ്ശൂർ | 28 | 31 | 114 | 2 | 6 | 181 |
| പാലക്കാട് | 10 | 1 | 120 | 0 | 49 | 180 |
| കോഴിക്കോട് | 13 | 30 | 72 | 5 | 48 | 168 |
| വയനാട് | 7 | 0 | 33 | 8 | 28 | 76 |
| മഞ്ചേരി | 6 | 23 | 66 | 8 | 53 | 156 |
| കണ്ണൂർ | 19 | 13 | 103 | 23 | 15 | 173 |
| ചുരം, വടകര | 0 | 4 | 5 | 0 | 0 | 9 |
| കാസർഗോഡ് | 0 | 1 | 28 | 8 | 52 | 89 |
| ആകെ | 162 | 208 | 1433 | 93 | 633 | 2529 |

സെക്ഷൻ ഓഫീസർ